A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

603

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## ഗണിതം


ക്ലാസ്സ് : VI

സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം – 1**




വൃത്തത്തെ 5 ഭാഗങ്ങളാക്കാൻ പറഞ്ഞപ്പോൾ തോമസ് വരച്ച ചിത്രമാണിത്. ഇതിൽ എല്ലാ കോണുകളും തുല്യമാണോ ?


1. ചിത്രത്തിലെ ഏറ്റവും വലിയ കോണിന്റെ പേരെഴുതുക.
2. ആ കോൺ അളന്നെഴുതുക.
3. ഈ വൃത്തത്തെ 9 തുല്യഭാഗങ്ങളാക്കണമെങ്കിൽ ഓരോ ഭാഗവും എത്ര ഡിഗ്രി വീതമായിരിക്കണം ?
4. ഒരു വൃത്തം വരച്ച് അതിനെ 9 തുല്യഭാഗങ്ങളാക്കുക.

**പ്രവർത്തനം – 2**

1. താഴെ കൊടുത്തിരിക്കുന്നവയിൽ മട്ടം ഉപയോഗിച്ച് വരയ്ക്കാൻ കഴിയാത്ത കോൺ ഏതാണ് ? എന്തുകൊണ്ട് ?

   $15^0$, $75^0$, $115^0$, $135^0$

2. താഴെ കൊടുത്തിരിക്കുന്ന ചിത്രഭാഗം ശ്രദ്ധിക്കൂ. ഓരോന്നിലും വൃത്തത്തിന്റെ എത്ര ഭാഗമാണ് ഷെയ്ഡ് ചെയ്തിരിക്കുന്നത് എന്ന് കണ്ടെത്തുക.



## പ്രവർത്തനം 3

രാമുവിന്റെ ഹോട്ടലിൽ 20 പേർ ഭക്ഷണം വിതരണം ചെയ്യുന്നവരും 10 പേർ പാചക തൊഴിലാളുകളുമാണ്. വിതരണക്കാരുടെ ഒരു ദിവസത്തെ ശരാശരി കൂലി 450 രൂപയും പാചക തൊഴിലാളികളുടേത് 600 രൂപയുമാണ്. എങ്കിൽ താഴെപറയുന്നവ കണ്ടെത്തുക.

1. വിതരണക്കാരായ 20 പേർക്ക് ഒരു ദിവസം കൂലി നൽകാൻ ആകെ എത്ര രൂപ വേണം?
2. പാചക തൊഴിലാളികൾക്ക് കൂലി നൽകാൻ ഒരു ദിവസം എത്ര രൂപ വേണ്ടിവരും ?
3. രാമുവിന് ഒരു തൊഴിലാളിക്ക് കൂലി നൽകാൻ ഒരു ദിവസം ശരാശരി എത്ര രൂപ വേണ്ടിവരും ?

## പ്രവർത്തനം 4

ബിജു തന്റെ വീടിന്റെ ചുമർ പെയിന്റ് ചെയ്യുകയാണ്. ഒന്നാം ദിവസം $\frac{2}{5}$ ഭാഗം പെയിന്റ് ചെയ്തു.

1. ഇനി എത്ര ഭാഗം പെയിന്റ് ചെയ്യാനുണ്ട് ?

അടുത്ത ദിവസം ബാക്കിയുള്ളതിന്റെ $\frac{3}{4}$ ഭാഗം പെയിന്റ് ചെയ്തു. എങ്കിൽ...

2. രണ്ടാം ദിവസം പെയിന്റ് ചെയ്തത് എത്ര ഭാഗമാണ് ?
3. രണ്ടു ദിവസവും കൂടി എത്രഭാഗം പെയിന്റ് ചെയ്തു ?
4. രണ്ടു ദിവസത്തിനു ശേഷവും പെയിന്റ് ചെയ്യാനായി എത്ര ഭാഗം ബാക്കിയുണ്ട് ?

## പ്രവർത്തനം - 5

ശാന്തിപുരം സ്കൂളിലെ ആറാം ക്ലാസ്സിലെ 19 ആൺകുട്ടികൾക്കും 17 പെൺകുട്ടികൾക്കും യൂണിഫോം നൽകാൻ സർഗചേതനാ ക്ലബ് തീരുമാനിച്ചു. ആൺകുട്ടികൾക്ക് ഒരു ഷർട്ടിന് $1\frac{1}{4}$ മീറ്ററും പെൺകുട്ടികൾക്ക് ഷർട്ടൊന്നിന് $1\frac{1}{2}$ മീറ്ററും തുണി ആവശ്യമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

1. ആൺകുട്ടികൾക്ക് ആകെ എത്ര മീറ്റർ തുണിവേണം ?
2. ആൺകുട്ടികൾക്ക് വേണ്ടതിനേക്കാൾ എത്ര മീറ്റർ തുണിയാണ് പെൺകുട്ടികൾക്ക് അധികമായി വേണ്ടത് ?
3. എല്ലാ കുട്ടികൾക്കും യൂണിഫോം നൽകുന്നതിന് ആകെ എത്ര മീറ്റർ തുണിയാണ് ആവശ്യമുള്ളത് ?

## പ്രവർത്തനം - 6

1. ശാന്തിപുരം സ്കൂളിലെ വിവിധ ക്ലബ്ബുകളിലെ കുട്ടികളുടെ വിവരങ്ങളാണ് പട്ടികയിൽ കൊടുത്തിരിക്കുന്നത്. പട്ടിക പൂർത്തിയാക്കു.

| ക്ലബ്ബുകൾ | കുട്ടികളുടെ എണ്ണം | ആകെ ഭാരം കിലോ ഗ്രാമിൽ | ശരാശരി ഭാരം കിലോ ഗ്രാമിൽ |
|---|---|---|---|
| ഗണിതം | 12 | 432 | ______ |
| ശാസ്ത്രം | 12 | ______ | 38 |
| സാമൂഹ്യശാസ്ത്രം | ______ | 407 | 37 |

2. പുതിയതായി ഒരു കുട്ടികൂടി വന്നുചേർന്നപ്പോൾ ഗണിത ക്ലബ്ബിലെ അംഗങ്ങളുടെ ശരാശരി ഭാരം 1 കിലോ ഗ്രാം കുറഞ്ഞു. എങ്കിൽ പുതിയതായി വന്ന കുട്ടിയുടെ ഭാരം എത്ര ?